## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1721 | 08.06.2018-ൽ മറുപടിയ്ക്ക് |
|---|---|

**പാർട്ണർ കേരള മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.പി.അനിൽകുമാർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മൂലധനം പൊതുനിർമ്മിതിക്കായി ഉപയോഗിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) പാർട്ണർ കേരള മിഷൻ ശിപാർശ ചെയ്ത പ്രാദേശിക സർക്കാരുകളുടെ താല്പര്യപ്രകാരം കിറ്റ്കോ സാധ്യതാപഠനം നടത്തിയ പദ്ധതികളിൽ എത്ര പദ്ധതികൾ ഇതിനകം തുടങ്ങുവാനായി; വിശദാംശം നൽകുമോ;<br>(സി) കൂടുതൽ സംരംഭകരെ ഇതിലേക്ക് ആകർഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (എ) യും (ബി) യും (സി) യും | അവലോകനം ചെയ്തിട്ടുണ്ട്.2 വർഷകാലംകൊണ്ട് 108 പദ്ധതി നിർദ്ദേശങ്ങൾ പാർട്ണർ കേരള മിഷന് ലഭിച്ചിരുന്നുവെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് മതിയായ സ്വകാര്യ നിക്ഷേപകരെ കണ്ടെത്താൻ കഴിയാതിരുന്നതിനാൽ ഒരു പദ്ധതി പോലും (കിറ്റ്കോ സാധ്യതാപഠനം നടത്തിയ പദ്ധതികൾ ഉൾപ്പെടെ) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യാഥാർത്ഥ്യമാക്കുന്നതിന് പാർട്ണർ കേരള മിഷന് കഴിഞ്ഞിരുന്നില്ല. പാർട്ണർ കേരള മിഷന് അതിന്റെ രൂപീകരണ ഉദ്ദേശലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലും KIIFB ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി IMPACT KERALA Ltd. രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിലും പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ